# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**

പി.ആർ.ഒ./39/237/2018 2018 നവംബർ 7

## എം.ജി. വാർത്താക്കുറിപ്പ്

---

### ബാങ്ക് പരീക്ഷ പരിശീലനം

മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ നടത്തുന്ന ബാങ്ക് ഐ.ബി.പി.എസ്. മത്സരപരീക്ഷകൾക്കുള്ള പരിശീലനം നവംബർ എട്ടിന് ആരംഭിക്കും. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദവിവരത്തിന് ഫോൺ: 0481 2731025.

### ക്ലാസുകൾ എട്ടു മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തുന്ന ഡിസാസ്റ്റർ മാനേജ്മെന്റ് ലോ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ക്ലാസുകൾ നവംബർ എട്ടിന് ഉച്ചകഴിഞ്ഞ് രണ്ടിന് ആരംഭിക്കും.

### എം.ടെക്. പരീക്ഷ

ഒന്നും രണ്ടും മൂന്നും സെമസ്റ്റർ എം.ടെക് (2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴയില്ലാതെ നവംബർ 22 വരെ അപേക്ഷിക്കാം. 500 രൂപ പിഴയോടെ നവംബർ 23 വരെയും 1000 രൂപ സൂപ്പർ ഫൈനോടെ 26 വരെയും അപേക്ഷിക്കാം. പരീക്ഷഫീസിനു പുറമേ പേപ്പറൊന്നിന് 40 രൂപ (പരമാവധി 200 രൂപ)വീതം സി.വി. ക്യാമ്പ് ഫീസായി അടയ്ക്കണം.

### ജൈവം: പെയിന്റിംഗ്

### പ്രദർശനം ഇന്നുമുതൽ

ജൈവം പദ്ധതിയുടെ ഭാഗമായി നടന്ന ആഗോള ജൈവസംഗമത്തിലെ പെയിന്റിങ് ശിൽപശാലയിൽ തയാറാക്കിയ പെയിന്റിംഗുകളുടെ പ്രദർശനം ഇന്നു (നവംബർ 8) മുതൽ സർവകലാശാല സെനറ്റ് ഹാളിൽ നടക്കും. നാൽപ്പത് കലാകാരന്മാർ കൃഷിയുമായി ബന്ധപ്പെട്ട് തയാറാക്കിയ അക്രലിക്, വാട്ടർകളർ പെയിന്റിങ്ങുകളുടെ പ്രദർശനമാണ് ഇന്നും നാളെയുമായി (നവംബർ 9) നടക്കുക. ഉച്ചകഴിഞ്ഞ് രണ്ടിന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗങ്ങൾ പങ്കെടുക്കും. കഴിഞ്ഞ ഏപ്രിൽ 24 മുതൽ 26 വരെയാണ് കോട്ടയം സി.എം.എസ്. കോളജിൽ ആഗോള ജൈവ സംഗമം നടന്നത്.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ